മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 22

# വാർത്താക്കുറിപ്പ് 2

---

*മാതൃകാപരമായ ചുവടുവയ്പ്പ് - മന്ത്രി വി.എൻ . വാസവൻ*

## എം.ജി. സർവകലാശാലാ അക്കാദമിക് കാർണിവൽ ജനുവരിയിൽ ; സ്വാഗത സംഘം രൂപീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ജനുവരിയിൽ കോട്ടയത്ത് സംഘടിപ്പിക്കുന്ന യുനോയ - 2023 അക്കാദമിക് കാർണിവലിന്റെ സ്വാഗതസംഘം രൂപീകരിച്ചു. കോട്ടയം ബസേലിയോസ് കോളേജിൽ നടന്ന സ്വാഗത സംഘ രൂപീകരണ യോഗം സഹകരണ- സാംസ്കാരിക വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു.

സമാനതകളില്ലാത്ത നിരവധി മാതൃകകൾ സൃഷ്ടിച്ച മഹാത്മ ഗാന്ധി സർവകലാശാലയുടെ കാലോചിതമായ ചുവടുവയ്പ്പാണ് അക്കാദമിക് കാർണിവലെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാർഥികൾക്കു മുന്നിൽ സാധ്യതകളുടെ വിപുലമായ ലോകം തുറക്കാൻ സർവകലാശാലയ്ക്കും അഫിലിയേറ്റഡ് കോളജുകൾക്കും ഇതുവഴി സാധിക്കുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

സർവകലാശാലയിലെയും അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെയും അക്കാദമിക ഗവേഷണ പ്രോഗ്രാമുകൾ, സ്റ്റാർട്ട് അപ്, ട്രാൻസലേഷണൽ റിസർച്ചുകൾ തുടങ്ങിയവയെക്കുറിച്ച് വിദ്യാർഥികൾക്ക് അറിവു നൽകുന്നതിന് ലക്ഷ്യമിട്ടാണ് ജനുവരി 17 മുതല് 19 വരെ കോട്ടയം നഗരത്തിൽ കാർണിവല് സംഘടിപ്പിക്കുന്നത്.

യോഗത്തിൽ എം.പിമാരായ തോമസ് ചാഴികാടൻ, ജോസ് കെ. മാണി, എം.എൽ.എമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോബ് മൈക്കിൾ, വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ റെജി സഖറിയ, പി. ഹരികൃഷ്ണൻ,

ഡോ. ഷാജില ബീവി, രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാര്, സർവകലാശാലയിലെ വിവിധ വകുപ്പുകളുടെ മേധാവികൾ, അധ്യാപക, അനധ്യാപക, വിദ്യാർഥി പ്രതിനിധികൾ, അഫിലിയേറ്റഡ് കോളേജുകളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ചെയർമാനായുള്ള സ്വാഗത സംഘത്തിന്റെ മുഖ്യ രക്ഷാധികാരി മന്ത്രി വി.എൻ. വാസവനാണ്. പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാറാണ് ജനറൽ കൺവീനർ. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സഖറിയ, ജോബ് മൈക്കിൾ എം.എൽ.എ, ഡോ. ബിജു തോമസ്, രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാർ എന്നിവർ ജോയിന്റ് കൺവീനർമാരും ഡോ. ഷാജില ബീവി കോ - ഓർഡിനേറ്ററുമാണ്. വിവിധ കമ്മിറ്റികളുടെ ഭാരവാഹികളെയും യോഗം തിരഞ്ഞെടുത്തു.

കോട്ടയം മാമ്മൻ മാപ്പിള ഹാൾ, തിരുനക്കര മൈതാനം, നഗരത്തിലെ വിവിധ കോളേജുകൾ എന്നിവിടങ്ങളിലായാണ് കാർണിവൽ സംഘടിപ്പിക്കുന്നത്. അക്കാദമിക് മേഖലയിലെ വിദഗ്ധരും ഗവേഷകരും പങ്കെടുക്കുന്ന സംവാദങ്ങള്, ചർച്ചകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രസാധകരും പങ്കെടുക്കുന്ന പ്രദർശനം, കലാ സാംസ്കാരിക പരിപാടികള് തുടങ്ങിയവ കാർണിവലിന്റെ ഭാഗമായി നടക്കുമെന്ന് വൈസ് ചാന്സലർ പ്രഫ. സാബു തോമസ് പറഞ്ഞു.

(പി.ആർ.ഒ./39/1652/2022)

**ഫോട്ടോ ക്യാപ്ഷൻ..**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ജനുവരിയിൽ കോട്ടയത്ത് സംഘടിപ്പിക്കുന്ന യുനോയ 2023 അക്കാദമിക് കാർണിവലിന്റെ സ്വാഗതസംഘ രൂപീകരണ യോഗം കോട്ടയം ബസേലിയോസ് കോളേജിൽ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു. സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, റെജി സക്കറിയ, അഡ്വ. ജോബ് മൈക്കിൾ, വൈസ് ചാൻസലര് പ്രഫ. സാബു തോമസ്, പ്രോ വൈസ് ചാന്സലർ സി.ടി. അരവിന്ദകുമാർ എന്നിവര് സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ**